# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ കോടഞ്ചേരി

### അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ കോടഞ്ചേരി |
| വിലാസം | : | കോടഞ്ചേരി പി.ഒ, 673580 |
| ഫോൺ | : | 0495 2238713 |
| സ്കൂൾ കോഡ് | : | 47416 |
| വിദ്യാഭ്യാസ ഉപജില്ല | : | താമരശ്ശേരി |
| റവന്യൂ ജില്ല | : | താമരശ്ശേരി |
| ബി.ആർ.സി | : | കൊടുവള്ളി |
| സി.ആർ.സി | : | ചെമ്പുകടവ് |
| ഗ്രാമ പഞ്ചായത്ത് | : | കോടഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊടുവള്ളി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | തിരുവമ്പാടി |
| ലോക്സഭാ മണ്ഡലം | : | വയനാട് |
| താലൂക്ക് | : | താമരശ്ശേരി |
| വില്ലേജ് | : | കോടഞ്ചേരി |
| ഇമെയിൽ | : | stjosephlpskodenchery@gmail.com |
| ക്ലാസുകൾ | : | LKG - 4 |
| വിദ്യാർത്ഥികളുടെ എണ്ണം | : | 487 |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചു വിദ്യാഭ്യാസ പ്രക്രിയ ഏറ്റവും ആധുനികവും നിരന്തര മാറ്റങ്ങൾക്ക് അടിസ്ഥാന ലക്ഷ്യങ്ങളെ മുൻനിർത്തി അധ്യായന വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. കൃത്യമായ ആസൂത്രണ പ്രവർത്തനങ്ങളോടെ അക്കാദമിക വർഷങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്ന കോടഞ്ചേരി സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ തീർത്തും നൂതനമായ പ്രവർത്തനങ്ങളാണ് അടുത്ത അധ്യായന വർഷങ്ങളിലേക്കായി ഒരുക്കിയിരിക്കുന്നത്.

അതാതു പ്രായഘട്ടത്തിൽ ആർജിക്കാവുന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള അറിവും കഴിവും നേടാനും ജനാധിപത്യ മൂല്യബോധം ഉളവാക്കാനും കുട്ടികളെ സജ്ജരാക്കി അനന്യമായ കേരളീയ വിദ്യാഭ്യാസ അനുഭവങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യമാണ് അക്കാദമിക മാസ്റ്റർപ്ലാനിലൂടെ സാധ്യമാക്കുന്നത്. ഇതിനോടു ഏറ്റവും ആത്മാർത്ഥപരമായ ചേർന്നു നിൽപ്പാണ് അക്കാദമിക മാസ്റ്റർ പ്ലാൻ നിർമാണത്തിലൂടെ ഈ വിദ്യാലയം നടത്തിയിരിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളും അതാതു ക്ലാസിൽ നിന്ന് നേടേണ്ട പഠന നേട്ടങ്ങൾ നേടുകയും പഠനശേഷികൾ കൈവരിക്കുകയും ചെയ്തു എന്ന് ഉറപ്പു വരുത്തുക.

ഓരോ അക്കാദമിക വർഷത്തിലേയും മൂന്ന് ഘട്ടങ്ങളിൽ കുട്ടി നേടിയ അറിവുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക

അക്കാദമികവും സർഗ്ഗപരവും കായികപരവുമായ കുട്ടിയുടെ കഴിവ് പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

ഓരോ ക്ലാസുകളിലെയും വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പഠന ബോധന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഹൈ ടെക് ക്ലാസ് മുറികൾ, ലാബ്, കലാ കായിക പഠന സൗകര്യങ്ങൾ തുടങ്ങിയവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തുക.

ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടതായ അറിവും നൈപുണ്യങ്ങളും കൃത്യമായി വിനിമയം ചെയ്യുകയും നിശ്ചിത ഇടവേളകളിൽ പഠന നിലവാരം നിർണയിച്ച് ശേഷികൾ വിലയിരുത്തി കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ പഠന ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ കുട്ടികളുടെ ആശയ വിനിമയ ശേഷി, ജീവിത നൈപുണ്യങ്ങൾ എന്നിവ വർധിപ്പിക്കുക.

സ്കൂൾ മാനേജ്മെന്റ്, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, ബി.ആർ.സി, ഡയറ്റ് തുടങ്ങിയവരുടെ സഹകരണത്തോടെ പഠന ബോധന മേഖലകളിൽ കാലോചിതമായ മാറ്റങ്ങൾ ഉറപ്പു വരുത്തുക.

# വിദ്യാലയ ചരിത്രം

കേരളത്തിന്റെ വടക്കേ അറ്റത്ത് പശ്ചിമഘട്ട മലനിരകളാൽ സുന്ദരമായ കോടഞ്ചേരിയുടെ ഹൃദയഭാഗത്താണ് സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1940-50 കാലഘട്ടങ്ങളിൽ ബഹുമാനപ്പെട്ട ഫാബിയോസ് അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച പള്ളിക്കൂടമാണ് ഇന്ന് സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ കോടഞ്ചേരിയായി പരിണമിച്ചത്. ശ്രീ. ഓരപുഴയ്ക്കൽ അവിരാ ആശാൻ, ശ്രീ. തോമസ് തോപ്പിൽ എന്നിവർ പള്ളിയോടു ചേർന്ന ഷെഡിൽ ഗവൺമെന്റ് അംഗീകാരം ലഭിക്കാതെ തന്നെ ഈ നാട്ടിലെ കുഞ്ഞുങ്ങൾക്ക് വിദ്യ പകർന്നു നൽകിയിരുന്നു. ഈ കാലഘട്ടത്തിൽ വടക്കേ മലബാർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DIS NO 260/30 AT 33.50 കൽപനയനുസരിച്ച് 01.06.1950 ന് ഒന്നാം തരം മുതൽ അഞ്ചാം തരം വരെ ക്ലാസുകൾ തുടങ്ങുന്നതിനുള്ള അനുമതി ലഭിച്ചു. നാളിതുവരെ കുട്ടികൾ വിദ്യ നുകർന്നും അധ്യാപകർ അറിവ് പകർന്നു കൊടുത്തും കടന്നുപോയി. ശ്രീമതി പി വി അന്നയാണ് ആദ്യ പ്രധാന അധ്യാപക.

എഴുപത്തി നാല് വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞ ഈ സരസ്വതി ക്ഷേത്രത്തിന് സൗകര്യ പ്രദവും മനോഹരവുമായ 17 ക്ലാസ് മുറികളോട് കൂടിയ 3 നില കെട്ടിടത്തിൽ ഒരു കമ്പ്യൂട്ടർ ലാബും അവിടെ 14 ലാപ്ടോപ്പുകളും കൂടാതെ ഒരു മൾട്ടി മീഡിയ ക്ലാസ് റൂമും ഉണ്ട്. ലാപ്ടോപ്പും ഡിജിറ്റൽ ബോർഡും പ്രൊജക്ടറും മറ്റു ആധുനിക വൈജ്ഞാനിക മാർഗങ്ങളും ഇവിടെ പാഠ്യപദ്ധതി വിനിമയത്തിനായി വിനിയോഗിക്കുന്നു. കുട്ടികളുടെ മാനസിക ഉല്ലാസം ലക്ഷ്യം വെച്ച് വിപുലമായ വിനോദ ഉപകരണങ്ങളുള്ള ഒരു പെഡഗോഗി പാർക്കും (രാരീരം) ഇവിടെ സജ്ജമാണ്.

ഹെഡ്മാസ്റ്റർക്കും 17 അധ്യാപകർക്കും പുറമെ കെ.ജി സെക്ഷനിൽ 4 അധ്യാപകരുടെയും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകളുടെ കാര്യക്ഷമമായ വിനിയോഗത്തിനായി രണ്ടു അധ്യാപകരുടെ സേവനം ഇവിടെ ലഭ്യമാണ്. ഉച്ച ഭക്ഷണം പാകം ചെയ്യുന്നതിനായി 2 പാചക തൊഴിലാളികളും 3 സഹായികളും ഇവിടെ സേവനം ചെയ്യുന്നു.

പശ്ചിമഘട്ടമലനിരകളാൽ ഹരിതാഭമായ കോടഞ്ചേരി പഞ്ചായത്തിൽ 17ാം വാർഡിൽ കോടഞ്ചേരി തുഷാരഗിരി റോഡിന്റെ ഇടതു ഭാഗത്തായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഒരോ കുട്ടിയുടെയും ധാരണകളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമാക്കി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാലയ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക. പഠനവും പ്രവർത്തനവും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യ നിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. അങ്ങിനെ പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ട് വെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

1 മുതൽ 4 വരെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്നുറപ്പുവരുത്തുക.

പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാവണം. കലാ-കായിക പ്രവർത്തി പരിചയ പ്രവർത്തനത്തിൽ പങ്കാളിത്തവും താത്പര്യവും ഉറപ്പാക്കണം

എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

ICT അധിഷ്ഠിത പഠനം ഉറപ്പാക്കും. കലാ-കായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തും. പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം വികസിപ്പിക്കും. സ്കൂൾ ലൈബ്രറി ആധുനികവൽക്കരിക്കും. ലഘു പഠനയാത്രകൾ, പ്രോജക്ടുകൾ എന്നീ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും. മാലിന്യ സംസ്കരണം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും. പ്ലാസ്റ്റിക് മുക്ത; കീടനാശിനി മുക്ത; ലഹരി മുക്ത വിദ്യാലയം. "കാമ്പസ് തന്നെ പാഠ പുസ്തകം" ആശയത്തെ ജനകീയമാക്കി വികസിപ്പിച്ചെടുത്ത് ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനന, സ്കൂൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും.

# പ്രവർത്തനങ്ങൾ

## ഭാഷ

### ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഭാഷയിലെ ഉന്നത ശേഷികൾ കൈവരിച്ചുവെന്നുറപ്പുവരുത്തും.

നാലു വർഷത്തിനുള്ളിൽ മുഴുവൻ കുട്ടികളും മലയാള ഭാഷ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കും.

നാലു വർഷത്തിനുള്ളിൽ കുട്ടികൾ അവരുടെ അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കും.

ഓരോ കുട്ടിയേയും തന്റെ ആവശ്യങ്ങൾ, താത്പര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും, എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നു.

എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പാക്കും.

### ലൈബ്രറി

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

### ലക്ഷ്യം

സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യും.

### പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിനും ഒരു നോട്ടുപുസ്തകം വിതരണ രജിസ്റ്ററായി നൽകുന്നു.
- പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ  ബുധൻ 1.30 ന്
- സാഹിത്യകാരന്മാർ, കലകളുമായി ബന്ധപ്പെട്ട ഫോട്ടോകൾ എന്നിവ ഭിത്തിയിൽ തൂക്കിയിടുന്നു.
- വിവിധ വിഷയങ്ങളിൽ നൽകിയ ലിസ്റ്റനുസരിച്ച് ജൂലൈ മാസത്തെ ആദ്യ പി.ടി.എ യിൽ രക്ഷിതാക്കളെ അറിയിക്കുന്നു.
- ലഭ്യതയനുസരിച്ച് പുസ്തകങ്ങൾ തരംതിരിക്കൽ ക്രമീകരിക്കൽ, പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നു.
- നവംബർ 14 ന് കുട്ടിക്കൊരു പുസ്തകം പദ്ധതി.
- ജൂലായ് 31 ന് വായനാ പരിപോഷണത്തിനുള്ള സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കും.
- വായനാ വാരത്തിൽ മുഴുവൻ കുട്ടികളും ഒരു പുസ്തകം എങ്കിലും വായിച്ചുവെന്ന് ഉറപ്പുവരുത്തുന്നു. (ക്ലാസ് ടീച്ചർ ചുമതല)

- ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു. (ജൂൺ 19,20)
- മാസത്തിൽ വായനാ കുറിപ്പ് മത്സരം.
- പതിപ്പു നിർമ്മാണം
- പത്ര ക്വിസ്
- വർഷാവസാനം, വായനക്കുറിപ്പ് പതിപ്പ് (ജനുവരി 26 ന് പ്രകാശനം)
- വായനാനുഭവങ്ങൾ പങ്കുവെക്കാൻ ബുള്ളറ്റിൻ ബോർഡ് SRG ചേരുന്നു.

**മോണിറ്ററിംഗ്**

ഹെഡ്മാസ്റ്റർ, കൺവീനർ, പ്രതിനിധി പുതിയ പുസ്തകങ്ങൾ ശേഖരിച്ച് ഇതുപോലെ ക്രമീകരിക്കും. ആഗസ്റ്റിനു മുമ്പ്.

**പിറന്നാളിനൊരു പുസ്തകം**

ക്ലാസ് ലൈബ്രറിക്ക് ക്ലാസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കുന്നു. - ജൂൺ ആദ്യവാരം.

അധ്യാപകരും കുട്ടികളും സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു.

- ജൂൺ, ജൂലൈ

ടേമിലൊരിക്കൽ സ്കൂൾ പത്രം എന്ന രീതിയിൽ പത്ര നിർമ്മാണവും പത്ര പ്രകാശനവും നടത്തുന്നു.

ക്ലാസ് പത്ര നിർമ്മാണത്തിന് സന്നദ്ധരായ കുട്ടികളെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കുന്നു. ക്ലാസ്സിലെ ബേസിക് ഗ്രൂപ്പുകൾ ഓരോ ആഴ്ചയിലേയും വാർത്തകൾ എഴുതി തയ്യാറാക്കുന്നു. ഇവ ചേർത്ത് ടേമിലെ സ്കൂൾ പത്രം തയ്യാറാക്കുന്നു.(ഓരോ ടേമിലും) വാർത്തകൾ എഴുതുന്നതിലുണ്ടായ വളർച്ച വിലയിരുത്തുന്നു. കുട്ടി അത് രക്ഷിതാവിനെ ബോധ്യപ്പെടുത്തുന്നു.

- സ്വതന്ത്ര വായനയ്ക്കും എഴുത്തിനുമുള്ള പഠന പ്രവർത്തനം
- മികച്ചവ അസംബ്ലിയിൽ വായിക്കുന്നു.
- ബാക്കിയുള്ളവ പ്രദർശിപ്പിക്കുന്നു.
- പരസ്യം സ്പോൺസർ ചെയ്യണം.

**രക്ഷിതാക്കളുടെ വായനാ പരിപോഷണം**

പത്ര ക്വിസ്, വായനാ കുറിപ്പ് മത്സരം എന്നിവ നടത്തണം

**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

**മികച്ച വായനക്കാരൻ, മികച്ച എഴുത്തുകാരൻ**

വായിച്ചു വളരുക. ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക, ഒപ്പം മികച്ച എഴുത്തുകാരാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻനിരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കിമാറ്റുന്ന നൂതന സംരംഭം.

# STD I - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രം വര, നിർമ്മാണം) പ്രകടിപ്പിക്കുന്നു. | • ചിത്രവായന<br>• ചിത്രം വര, നിറം നൽകൽ<br>• മീൻ ഒറിഗാമി<br>• അഭിനയം<br>• ഗ്രാഫിക് വായന, എഴുത്ത്<br>• അക്ഷരം ഉറപ്പിക്കൽ<br>• സംഭാഷണം, സംയുക്ത ഡയറി<br>• വിദ്യാ പ്രവേഗ് പ്രവർത്തനങ്ങൾ<br>• പദ നിർമ്മാണം<br>• ക്ലാസ്, ലൈബ്രറി<br>• കുഞ്ഞെഴുത്ത്<br>• ശിൽപശാല<br>• കുട്ടികളിൽ വികസിപ്പിക്കേ പൊതുധാരണകൾ<br>• CPTA | ജൂൺ<br>ജൂലൈ | ക്ലാസ്<br>ടീച്ചർ | HM |
| 2. വാക്യങ്ങൾ, അക്ഷരങ്ങൾ എന്നിവയുടെ ഗ്രാഫ് നിരീക്ഷിച്ചും ഉച്ചാരണം ശ്രവിച്ചും ആശയം ഗ്രഹിക്കുകയും വായിക്കുകയും ചെയ്യുന്നു. | • പാട്ടരങ്ങ്<br>• കുട്ടിക്കവിതാലാപനം<br>• വായനാ സാമഗ്രികൾ വായിക്കൽ<br>• അക്ഷരം തിരിച്ചറിഞ്ഞ് വായന<br>• ദിനാചരണം വായന<br>• വിവിധ ക്ലബ് രൂപീകരണം<br>• സംയുക്ത ഡയറി ആരംഭം<br>• അക്ഷര പുസ്തകം<br>• ശിൽപശാല<br>• മലയാളം മധുരം | ജൂൺ<br>ജൂലൈ | ക്ലാസ്<br>ടീച്ചർ | HM |
| 3.സ്വായത്തമാക്കിയ അക്ഷരങ്ങൾകൂട്ടിച്ചേർത്ത് അർത്ഥ പൂർണമായ പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു. | • ആലേഖനക്രമം തിരിച്ചറിഞ്ഞ് എഴുതൽ<br>• അക്ഷരപുസ്തകം ഉണ്ടാക്കൽ<br>• അക്ഷരമരം അസംബ്ലി<br>• പദനിർമ്മാണം<br>• പിന്നോക്കപ്രവർത്തനങ്ങൾ<br>• ഒപ്പത്തിനൊപ്പം അക്ഷരക്കാർഡ് നിർമ്മാണ ശില്പശാല<br>• റീഡേഴ്സ് തീയേറ്റർ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്<br>ടീച്ചർ | HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 4. വ്യത്യസ്തമായ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ | • കുട്ടിക്കവിതാലാപനം<br>• കഥ പറയൽ<br>• നിർമ്മാണ പ്രവർത്തനങ്ങൾ (തോണി, വീട്, പതാക, ചിത്ര ക്കാർഡുകൾ, പദക്കാർഡുകൾ, വായനക്കാർഡുകൾ പതിച്ചു നിർ മ്മാണം<br>• ICT ഉപയോഗിച്ച് കഥ, കവിത കേൾക്കൽ<br>• ദിനാചരണങ്ങൾ<br>• കൂട്ടെഴുത്ത് പത്രം<br>• രചനോത്സവം<br>• നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 5. എല്ലാ കുട്ടിക ളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | • കഥ പറയൽ, ടീച്ചർ, രക്ഷിതാവ്, ICT സാധ്യതകൾ പ്രയോജന പ്പെടുത്തൽ<br>• കഥാക്കാർഡുകൾ<br>• ഭാവനയിൽ നിന്ന് കഥ<br>• ബാലസാഹിത്യകൃതികൾ രക്ഷി താവിന്റെ പിന്തുണയോടെ വായന<br>• വായനാവിവരണം<br>• ദിനാചരണങ്ങൾ<br>• വിദ്യാരംഗം<br>• സർഗ്ഗവേള<br>• ഇ.വായന<br>• എന്റെ അക്ഷര പുസ്തകം<br>• സചിത്ര കഥാ രചന<br>• അരങ്ങ്<br>• എല്ലാ കുട്ടികൾക്കും വായന, എഴുത്ത്<br>• പഠനോത്സവം<br>• വരയുത്സവം<br>• ശാസ്ത്രോത്സവം | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |

# STD I - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു, തുല്യം, കൂടുതൽ, കുറവ് | • ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>• നിറം നൽകൽ<br>• വർക്ക് ഷീറ്റുകൾ<br>• ചിത്ര വായന | | | |
| 2. വസ്തുക്കൾ താരതമ്യം ചെയ്യുന്നതിനും സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കുന്നതിനും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു. | മൂർത്ത വസ്തുക്കൾ ഉപയോഗിച്ചും കഥ, കളികൾ എന്നിവയിലൂടെയും വലുത്, ചെറുത്, കൂടുതൽ, കുറവ്, ഉയരം കൂടിയത്, കുറഞ്ഞത് തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• ഗണിത കിറ്റ് നിർമ്മാണം<br>• ഉല്ലാസ ഗണിതം<br>• ചിത്ര വായന<br>• ഗണിത ക്ലബ് | ജൂൺ | Class Teacher | HM |
| 3. 1 മുതൽ 9 വരെ സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | • സംഖ്യാ ചിത്രങ്ങൾ<br>• വസ്തുക്കളെ കൂട്ടങ്ങൾ ആക്കൽ<br>• എണ്ണിയെടുക്കൽ<br>• ഗണിതകളികൾ<br>• സംഖ്യാകാർഡ് നിർമ്മാണം<br>• ഗണിതപ്പാട്ടുകൾ | ജൂൺ<br>ആഗസ്റ്റ് | Class Teacher | HM |
| 4.ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. (1 to 99) | • കൂട്ടങ്ങളിലെ സങ്കലന വ്യവകലന വിശദീകരണം<br>• സംഖ്യാ പാറ്റേൺ<br>• സംഖ്യാ വ്യാഖ്യാനം<br>• പാമ്പും കോണിയും കളി<br>• ഗണിത കളികൾ<br>• സംഖ്യകൾ ചെറുത്, വലുത് താരതമ്യം ചെയ്യൽ<br>• അക്ഷര റിബ്ബൺ | ആഗസ്റ്റ് to മാർച്ച് | Class Teacher | HM |

# STD I - English

| Aim | Activities | Duration | Duty | Monitoring |
|---|---|---|---|---|
| To develop listening skills and reading skills | • Self-introduction<br>• Drawing and colouring<br>• Language games<br>• Stories – ICT<br>• Action Songs<br>• Simple conversation<br>• A word a day<br>• Describes pictures orally<br>• Small reading cards<br>• Text book activities<br>• Videos<br>• CPTA | June to March | Class Teacher | HM |
| To develop Speaking and Writing Skills | • Conversation<br>• Self introduction<br>• Action songs<br>• Simple description<br>• Adding more lines<br>• English day<br>• Word book, Word tree, letter tree<br>• Poster, Reading Cards<br>• Communicative English<br>• Readers Theatre<br>• English Assembly<br>• Prepare Reading cards<br>• Digital Reading<br>• Text book activities<br>• Encourage the possibilities of ICT | June to March | Class Teacher | HM |

# STD II - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതുക, പറയുക | • പ്രീ ടെസ്റ്റ്<br>• വായനാസാമഗ്രികൾ നിർമ്മിക്കൽ<br>• ചിത്രക്കാർഡുകൾ നൽകൽ<br>• കുട, തോണി etc (ഒറിഗാമി)<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• ചിത്രം കഥ പറയൽ<br>• കഥ പൂർത്തിയാക്കൽ<br>• കവിത ആശയം എഴുതൽ (ICT)<br>• കഥ പുസ്തകം നൽകൽ<br>• വായനാവാരം, ശിൽപശാല<br>കഥ പറയൽ<br>കുട്ടിക്കവിത ആലാപനം<br>പദ നിർമ്മാണം<br>• സ്കൂൾ ലൈബ്രറി<br>• ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• എഴുത്തിന്റെ വിവിധ തലങ്ങൾ<br>• Activity Book<br>• സംയുക്ത ഡയറി<br>• ഭവനസന്ദർശനം | ജൂൺ<br>ജൂലൈ<br><br>ജൂലൈ - സെപ്തംബർ | ക്ലാസ് ടീച്ചർ<br><br>വിദ്യാരംഗം കലാ സാഹിത്യ വേദി<br>സാഹിത്യ ക്ലബ്<br><br>PTA<br><br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | HM |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ (പിറന്നാൾ പുസ്തകം ശേഖരണം)<br>• വീട്ടിലൊരു ലൈബ്രറി<br>• ചിത്ര വിവരണം<br>• വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു<br>• സ്വാതന്ത്ര്യദിനം<br>കവിതാലാപനം<br>ക്വിസ്<br>പത്ര വായന<br>• അസംബ്ലി<br>• അമ്മ വായന<br>• ശിൽപശാല | ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br><br>ക്ലബുകൾ | HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടിക ളെയും ക്ലാസ് നില വാരത്തിലുള്ള വ്യവഹാര രൂപ ങ്ങൾ തയ്യാറാ ക്കാൻ കഴിവുള്ള വരാക്കുക. | • അസംബ്ലി<br>- കവിത<br>- പത്രവായന<br>- കഥ പറയൽ<br>• വായിച്ച കഥയിൽ നിന്ന് സംഭാ ഷണം<br>• വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ<br>• കഥാരംഗങ്ങൾക്ക് രംഗാവിഷ് കാരം<br>• സർഗവേള, യാത്ര വിവരണം ഭാഷണം | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | HM |
| | കേട്ടതോ വായിച്ചതോ ആയ കഥ കൾ സ്വന്തം ഭാഷയിൽ വാചിക മായി അവതരിപ്പിക്കൽ<br><br>വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ<br>ജല<br>വാഹനങ്ങൾ<br>ആന ആൽബം<br>ആന വായനാ കാർഡ്<br>ആന<br>വലിയ ആന<br>കറുത്ത വലിയ ആന<br>വായനാ കാർഡ് | ഒക്ടോബർ | ക്ലാസ് ടീച്ചർ | HM |
| | ലേഖനത്തിൽ ഏർപ്പെട്ട് വ്യക്തി ഗത മാഗസിനുകൾ തയ്യാറാക്കൽ | നവംബർ<br>ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ | HM |
| | വ്യവഹാര രൂപത്തിന്റെ സാധ്യത കൾ തന്ത്രങ്ങൾ രൂപീകരിച്ച് ചെയ്യുന്നു | ഫെബ്രുവരി | ക്ലാസ് ടീച്ചർ | HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| | വരികൾ കൂട്ടിച്ചേർത്ത് പാടുന്നു. എഴുതുന്നു. (ഭാഷണം, ലേഖനം, എഴുത്ത്) | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | • വാക്യം നിർമ്മിക്കൽ<br>• അക്ഷരചിത്രങ്ങൾ<br>• പദ നിർമ്മാണം<br>• ചിത്രം നോക്കി കണ്ടെത്തൽ<br>• അമ്മ വായന<br>• വീട്ടുവായന<br>• പുസ്തകം വായിച്ച് വാക്കുകൾ കണ്ടെത്തൽ<br>• വർക്ക് ഷീറ്റുകൾ (ഒപ്പത്തിനൊപ്പം) | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | ക്ലാസ് ടീച്ചർ<br>PTA<br>ക്ലബ്ബുകൾ | HM |
| | ഓരോ കുട്ടിക്കും ഓരോ പതിപ്പ് | മാർച്ച് | PTA | HM |
| | ഇ വായനയെ പ്രോത്സാഹിപ്പിക്കൽ (ഇന്റർനെറ്റ് കംപ്യൂട്ടർ) | | Class Teacher | HM |
| | സർഗവേള | ജൂൺ - മാർച്ച് | Class Teacher | |
| ഭിന്ന നിലവാരത്തിലുള്ളവർക്ക് | അക്ഷരക്കാർഡുകൾ,<br>അക്ഷരപ്പാട്ടുകൾ,<br>കഥാ ചിത്രങ്ങൾ,<br>അഭിനയ ഗാനങ്ങൾ,<br>ശരിയേത്/തെറ്റേത് | | | |
| | സർഗവേള | ജൂൺ - മാർച്ച് | Class Teacher | |

# STD II - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| പ്രായോഗിക ഗണിത പ്രശ്നം പരിഹരിക്കൽ വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | 1,2,3,4 ...........<br>1,3,5,7...........<br>5,10,15,20 .......<br>10, 20, 30 ...........<br>തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>രൂപങ്ങൾ തിരിച്ചറിയൽ | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ | HM |
| രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സങ്കലനം വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ | ഗണിത കിറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്തൽ<br>വില വിവര പട്ടിക<br>രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രശ്നപരിഹരണം (സങ്കലനം, വ്യവകലനം)<br>സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ<br>സ്ഥാനവില തിരിച്ചറിയൽ<br>കളിനോട്ടുകൾ പ്രശ്നപരിഹരണത്തിന് ഉപയോഗം | ജൂൺ<br><br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br><br>BRC | HM |
| | നോട്ടുകൾ നാണയങ്ങൾ തിരിച്ചറിയൽ<br>സ്ഥാന വില പോക്കറ്റ് | ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ | HM |
| സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടുന്നതിന് | സ്ഥാനവില പ്രശ്നം പരിഹരിക്കുന്നു<br>ഇടവേളകൾ ആസ്വാദ്യകരമാക്കാൻ ഗണിതാലാപനം (ഒന്ന് എന്ന് പറയുമ്പോൾ...) | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ<br><br>ഗണിത ക്ലബ് | HM |
| | • ഗണിത കളികൾ<br>• കലണ്ടർ<br>• പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടർ നോക്കി സംഖ്യ താരതമ്യം ചെയ്യൽ<br>• പാറ്റേണുകൾ രൂപീകരിക്കൽ | ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br><br>ഗണിത ക്ലബ് | HM |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| ഗണിത മികവുകൾ പ്രകടിപ്പിക്കാൻ അവസരം | • ഗണിതമേളകൾ<br>• പസിൽ<br>• പാറ്റേൺ<br>• ക്വിസ്<br>• മാഗസിൻ | സെപ്തംബർ | ക്ലാസ് ടീച്ചർ<br><br>ഗണിത ക്ലബ് | HM |
| ഭിന്ന നിലവാര ത്തിലുള്ളവർക്ക് | ഗണിതകളികൾ<br>പാറ്റേൺ<br>രൂപങ്ങൾ തിരിച്ചറിയൽ<br>വ്യത്യസ്ത വസ്തുക്കൾ (മഞ്ചാടി, പുളിക്കുരു, ഈർക്കിൽ) ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# STD II - English

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• വായനാ കാർഡ്<br>• Word Puzzles<br>• Adding Lines<br>• Word Web<br>• Word games | June<br>July<br>August | Class Teacher<br><br>Language Club | HM |
| | • Class Assembly<br>• Rhyming Words | July to March | Class Teacher | |
| 2. കുട്ടികളിലെ രചനാപരമായ കഴിവ് വളർത്തുക | • ക്ലാസ് മുറിയിൽ ഒരു വായനാ മൂല<br>• Finding new words<br>• Poem Making<br>• Making, Reading Cards<br>• Picture Description<br>• Conversation, story telling | June to March | Class Teacher<br><br>Language Club | HM |
| 3. To make English as simple language | • Animation Videos<br>• Cartoons<br>• Reading card presentation<br>• ICT<br>• Develop story | June to March | Class Teacher<br><br>Language Club | HM |
| | സർഗവേള | June to March | Class Teacher | |
| ഭിന്ന നിലവാരത്തിലുള്ളവർക്ക് | Picture Story, Songs<br>Letter Card<br>Matching Cards<br>Pictures and Names<br>(Vegetables, Flowers, Animals, Birds) | June to March | Class Teacher | |
| | സർഗവേള | June to March | Class Teacher | |

# STD III - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| വായന | | | | |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടത യോടെയും അനായാസമായി വായി ക്കുവാൻ | • പ്രീ ടെസ്റ്റ് | ജൂൺ | ക്ലാസ് ടീച്ചർ | പി.ടി.എ |
| | • ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | • ക്ലാസ് ലൈബ്രറി ആകർഷക മാക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| | • അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരി പ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |
| | • വായനാക്കാർഡുകൾ തയ്യാറാ ക്കൽ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | സി.പി.ടി.എ |
| ലേഖനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക | | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദി ക്കാനും എഴുതു വാനും ഉള്ള ശേഷി വികസി പ്പിക്കുക | ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ | ജൂൺ | ക്ലാസ് ടീച്ചർ | |
| | ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ | ക്ലബുകൾ | |
| അക്ഷരം തെറ്റു കൂടാതെ എഴുതു വാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യ വഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരി ക്കൽ | ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | സി.പി.ടി.എ |
| | ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | | |
| | സെപ്തംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്തംബർ | | |
| | ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ | | |
| | നവംബർ 1 കേരളപ്പിറവി പ്രസംഗം | നവംബർ | | |
| | നവംബർ 14 ശിശുദിനം | നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |

# STD III - English

| Aim | Activities | Duration | Duty | Monitoring |
|---|---|---|---|---|
| To study alphabets | • PRE – TEST<br>• Write simple words | June -July | Teacher, Students | PTA |
| To study, write and read simple words | Circle the word from TB and read | August – September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water? May I Go to bathroom?<br>• Hello<br>• Hello, everyone<br>• Good morning<br>• Good morning everyone<br>• Good morning class<br>• Good Afternoon everyone<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | October - November | Teacher, Students, Parents | Nil |
| To express thought, feeling etc | Library book reading conversations text book activities | December | Teacher | Nil |
| Writing Skills | Diary<br>Descriptions<br>Exhibition<br>Develop Story | February - March | Teacher Parents | Nil |

# STD III - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | • പ്രീ ടെസ്റ്റ് | ജൂൺ | ക്ലാസ് ടീച്ചർ | പി.ടി.എ |
| | • ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ, സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്) | ആഗസ്റ്റ് | ക്ലാസ് ടീച്ചർ, കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് ഉറപ്പിക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ, കുട്ടികൾ | ഇല്ല |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മന:കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • മന:കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ, കുട്ടികൾ, സി.പി.ടി.എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• എ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ, കുട്ടികൾ, | ഇല്ല |

# STD III - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
| --- | --- | --- | --- | --- |
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | • സസ്യങ്ങളെ തരംതിരിക്കൽ<br>• പ്രകൃതി നടത്തം (പാഠം, വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ, സി.പി.ടി.എ | ഇല്ല |
| പ്രകൃതി സരംക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ സേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ<br>പി.ടി.എ ഹരിത കർമസേന പി.ടി.എ | പി.ടി.എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ, കുട്ടികൾ | പി.ടി.എ<br>ഇല്ല |
| പരിസ്ഥിതിയെ അറിയുന്നു. | ഫീൽഡ് ട്രിപ്പ് പോസ്റ്റർ നിർമ്മാണം | നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ, കുട്ടികൾ | ഇല്ല |
| വിവിധ തരം പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകങ്ങൾ ഒരുക്കുന്നു | ജനുവരി മാർച്ച് | പി.ടി.എ, ക്ലാസ് ടീച്ചർ | |

# STD IV - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • വാക്ക് നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ചിത്രം നോക്കി കഥ പറയുക, എഴുതുക | ജൂൺ | ക്ലാസ് ടീച്ചർ | HM |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായന<br>• ഗ്രൂപ്പ് വായന<br>• പത്ര വായന<br>• വായനമൂല, ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തൽ | മാർച്ച് വരെ | ക്ലാസ് ടീച്ചർ | HM |
| 3. പൊതു വേദികളിൽ സംസാരിക്കുന്നതിനുള്ള കഴിവ് ഉണ്ടക്കിയെടുക്കുക | • സ്വയം പരിചയപ്പെടുത്തൽ<br>• പ്രസംഗ പരിശീലനം<br>• പുസ്തക പരിചയം<br>• പഠനയാത്ര | മാർച്ച് വരെ | ക്ലാസ് ടീച്ചർ | HM |
| 4. സർഗ്ഗാത്മക കഴിവുകൾ വളർത്തുക, എഴുത്ത് മെച്ചപ്പെടുത്തുക. | • സർഗവേള<br>• കല, കായിക മത്സരങ്ങൾ<br>• ചിത്ര രചന<br>• ഡയറി ഏഴുത്ത്<br>• പത്ര നിർമ്മാണം<br>• വായനക്കുറിപ്പ് | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 5. സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ | • ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ് മത്സരം<br>• പുസ്തക പരിചയം<br>• ജീവചരിത്രം തയ്യാറാക്കൽ | ജൂൺ to മാർച്ച് | | |

# STD IV - English

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• വായനക്കാർഡ്<br>• വിട്ടുപോയ അക്ഷരം പൂരിപ്പിക്കൽ<br>• Jumbled letters ൽ നിന്നും വാക്ക് കണ്ടെത്തൽ<br>• Word puzzles<br>• Adding lines | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | HM |
| 2. സ്വാതന്ത്ര വായനക്കാരനായി മാറുന്നതിനും രചനാപരമായ കഴിവ് വളർത്തുന്നതിനും | • ക്ലാസ് മുറിയിൽ ഒരു വായനമൂല<br>• ക്ലാസ് റൂം ലൈബ്രറി<br>• ഡയറി എഴുത്ത്<br>• പത്ര നിർമ്മാണം<br>• കഥ എഴുത്ത് | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 3. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ ഇംഗ്ലീഷ് പഠനം ആസ്വാദ്യകരമാക്കൽ | • ആനിമേഷൻ വീഡിയോകളുടെ പ്രദർശനം<br>• ഇംഗ്ലീഷ്, കഥകൾ, കാർട്ടൂണുകൾ, പാട്ടുകൾ, ഷോർട്ട് ഫിലിം എന്നിവയുടെ പ്രദർശനം<br>• ഇംഗ്ലീഷ് ഡ്രാമയുടെ വീഡിയോ<br>• Ecube | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 4. ഭാഷ പേടികൂടാതെ അനായാസം കൈകാര്യം ചെയ്യുന്നതിന് | • പ്രസംഗം<br>• തെരഞ്ഞെടുത്ത ദിനാചരണങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രസംഗ മത്സരം<br>• അസംബ്ലി (ഇംഗ്ലീഷ്)<br>• English Day<br>• English Fest<br>• A word a day | ജൂൺ to മാർച്ച്<br><br>മാസത്തിലൊരിക്കൽ മാസത്തിലൊരു ദിവസം വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | HM |
| 5. സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | സർഗവേള (Eng)<br>സ്കൂൾ ഫെസ്റ്റ്<br>English Fest | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | HM |

# STD IV - E.V.S

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. ശാസ്ത്രാവബോധം വളർത്തൽ | അസംബ്ലിയിൽ ലഘുപരീക്ഷണങ്ങൾ നടത്തുക. | ജൂൺ to ആഗസ്റ്റ് | ക്ലാസ് ടീച്ചർ | HM |
| 2. വിവിധകൃഷി രീതികൾ പരിചയപ്പെടുത്തൽ | കുട്ടികൾക്ക് കൃഷിയിൽ ആഭിമുഖ്യം ഉണ്ടാവാൻ വേണ്ടി പച്ചക്കറി കൃഷി തുടങ്ങുന്നത് | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 3. ഫീൽഡ് ട്രിപ്പ് | പൊതുസ്ഥാപനങ്ങൾ, തടയണകൾ, കൃഷിത്തോട്ടങ്ങൾ, ചെറുകിട സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ, പ്ലാനിറ്റോറിയം | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 4. നമ്മുടെ നാടിനെ അറിയുന്നതിന് | ദിനാചരണം, ആഘോഷങ്ങൾ, ക്വിസ് മത്സരം, സി.ഡി പ്രദർശനം, പതിപ്പു നിർമ്മാണം | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |
| 5, പ്രകൃതിയിലേക്ക് | • പഠനം പരിസരഗന്ധിയും ജീവഗന്ധിയും അക്കുക<br>• ജൈവവൈവിധ്യ ഉദ്യാനം | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | HM |

# STD IV - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. പിന്നോക്കാരെ കണ്ടെത്തി ഒപ്പമാക്കൽ | • Pre test<br>• ഒപ്പത്തിനൊപ്പം | ജൂൺ | ക്ലാസ് ടീച്ചർ | HM |
| 2. ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നതിനും ഗണിതം ആസ്വദിക്കുന്നതിനും | • ഗണിതക്ലബ്<br>• പഠനോപകരണ ശില്പശാല<br>• ഗണിത ലൈബ്രറി<br>• ഗണിത ക്വിസ്<br>• ഗണിത മേളയിൽ പങ്കാളിത്തം | ജൂൺ ആഗസ്റ്റ്<br><br>ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | HM<br><br>HM |
| 3. സംഖ്യാബോധം ഉണ്ടാക്കൽ | കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ | | | |
| 4. ചതുഷ്ക്രിയകൾ ചെയ്യുന്നതിന് | പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം ചെയ്യുന്നു. | | | |
| 5. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് | രൂപങ്ങൾ വരക്കൽ, ഒട്ടിക്കൽ, നിറം കൊടുക്കൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അറബിക്

**1. വായന**

ലക്ഷ്യം : മുഴുവൻ കുട്ടികളും ചെറിയ പദങ്ങൾ, വാക്യങ്ങൾ വായിക്കാനും എഴുതാനും കഴിയണം

## പ്രവർത്തനങ്ങൾ

**പ്രവർത്തനം 1**

തിരഞ്ഞെടുത്ത ലളിത പദങ്ങൾ ഉൾക്കൊള്ളുന്ന ഒരു മിനി അറബിക് ലൈബ്രറി. പുസ്തക സമാഹരണ സ്രോതസ്സ്

കുട്ടികൾ, അദ്ധ്യാപകർ, സുമസ്സുകളായ നാട്ടുകാർ എന്നിവരിൽനിന്നും സമാഹരിക്കുക.സ്പോൺസർഷിപ്പിലൂടെ പണം സമാഹരിച്ച് ബുക്കുകൾ വാങ്ങുക.

**പ്രവർത്തനം 2**

ഓരോ അറബിക് പീരിയഡിലെയും ആദ്യത്തെ 5 മിനിറ്റിൽ ഒരാൾ ഒരു ബുക്കിൽ ഒരു പേജ് ഉറക്കെ വായിക്കുക.

വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കാൻ ഒരു റിക്കോർഡ് വേണം.

കൂടുതൽ ബുക്ക് വായിച്ചവർക്ക് സമ്മാനം.

**2. നല്ല എഴുത്ത്**

ക്ലാസ് മാസിക നിർമ്മാണം

ചാർട്ട് നിർമ്മാണം

ചെറു കാർഡ് നിർമ്മാണം

വിദ്യാർത്ഥികൾ A4 ഷീറ്റ് വൃത്തിയായി ഭാഗിച്ച് അക്ഷരങ്ങളും, ചെറുപദങ്ങളും വൃത്തിയായി എഴുതി കളർ നൽകുക.

**3. ആസ്വാദനം**

പാടാനും പറയാനും കഴിയുന്ന കുട്ടികളെ അങ്ങിനെ ചെയ്യിക്കുക. മറ്റ് കുട്ടിക്കൾക്ക് ആസ്വദിക്കുവാനുള്ള അവസരം സൃഷ്ടിക്കുക.

LCD ഉപയോഗിച്ച് അറബിക് കഥകൾ, കവിതകൾ, ഫിലിം എന്നിവ പ്രദർശിപ്പിക്കുക.

**4. മത്സരങ്ങൾ**

വിദ്യാർത്ഥികളിൽ അന്തർലീനമായ കഴിവുകൾ വ്യത്യസ്തമായതിനാൽ എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊള്ള മത്സരങ്ങൾ

ക്വിസ്, പദ നിർമ്മാണം, കളറിംഗ്, ഖുർ ആൻ പാരായണം, കഥ പറയൽ...

**5. ദിനാചരണം**

പോസ്റ്റർ നിർമ്മാണം (അറബിക്)

ഓരോ ദിനാചരണങ്ങൾക്കും പ്രത്യേകം ഗ്രൂപ്പുകളാക്കി വിദ്യാർത്ഥികൾക്ക് പോസ്റ്റർ നിർമ്മിക്കാൻ അവസരം നൽകാം.

**6. അറബിക് ഫെസ്റ്റ്**

അറബിയുമായി ബന്ധപ്പെട്ട വ്യത്യസ്ത മത്സരങ്ങളും ഫെസ്റ്റ് സംഘടിപ്പിക്കാം. സമ്മാനങ്ങളും നൽകാം.

**7. സ്കൂൾ വാർഷികം**

സ്കൂൾ വാർഷികത്തിൽ അറബിക് ഐറ്റംസ് ഉൾക്കൊള്ളിക്കുക.

ഉദാ : അറബി ഗാനം, കവിതകൾ, കഥപറയൽ തുടങ്ങിയവ.

# ചിത്രരചന STD - I, II

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കാൻ ആസ്വാദനം | • നിറം കൊടുക്കൽ<br>• ചിത്രങ്ങൾ വര യ്ക്കുന്നു.<br><br>• അക്ഷര ചിത്രങ്ങൾ വരക്കാം<br>• വീട് വരക്കാം<br>• നിറംകൊടുക്കൽ<br>• കളിപ്പെട്ടിയിൽനിന്നും ചിത്രം വരക്കാം<br>• കുത്തുകൾ യോജിപ്പിച്ച് ചിത്രം യോജിപ്പിക്കുന്നു<br>• സൂചനകൾ നൽകി ചിത്രം വരക്കുന്നു<br>• ഇലപ്രിന്റ് നിർമ്മാണം | 2 വർഷം | ക്ലാസ് ടീച്ചർ | HM |

# പ്രവർത്തി പരിചയം STD - I, II

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| നിർമ്മാണം | വ്യത്യസ്ത കളറുകളുള്ള പേപ്പർകൊണ്ട് നിർമ്മിക്കുന്നു<br><br>**ഒറിഗാമി**<br>പേപ്പർ മടക്കി വിവിധ രൂപങ്ങൾ തോണി, വീട്, തവള, പൂമ്പാറ്റ പാഴ്‌വസ്തുക്കൾ കൊണ്ട് വ്യത്യസ്ഥ വസ്തുക്കൾ കുത്തുകൾ യോജിപ്പിച്ച് ഉണ്ടാക്കുന്നു. | 2 വർഷം | ക്ലാസ് ടീച്ചർ | HM |
| | പ്രവർത്തി പരിചയമേള<br>ക്ലാസ് തലം<br>സ്കൂൾ തലം<br>സബ് ജില്ലാ തലം | ജൂൺ to ഫെബ്രുവരി | പ്രവർത്തി പരിചയ ചാർജ് അധ്യാപിക, ക്ലാസ് ടീച്ചർ | HM |
| | പ്രവർത്തി പരിചയ ക്ലബ് രൂപീകരണം<br><br>ഒറിഗാമി | ജൂൺ | ടീച്ചർ ഇൻ ചാർജ്ജ് | HM |

# ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് | സ്കൂളിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ കൂടുതലായി ഉൾപ്പെടുത്തിയ ഭക്ഷണം നൽകുന്നു.<br>കൂടുതൽ വിപുലവും പോഷകാഹാര സമൃദ്ധവുമായ പരിപാടി | | അധ്യാപകർ | Noon mess Food |
| | **ശുചിത്വം** | | | |
| **ക്ലീൻ കോടഞ്ചേരി**<br>പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യൽ | സ്കൂളും കുട്ടികളുടെ വീടും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കുന്നതിന് നോട്ടീസ് വിതരണം ചെയ്യുകയും മാതാപിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസുകൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും വീട് സന്ദർശിക്കുന്നു. | | | |
| **ശുചിത്വ സേന**<br>പരിസര ശുചിത്വവും വ്യക്തി ശുചിത്വവും | സ്കൂളിലെ ആകെ കുട്ടികളെ എല്ലാ ക്ലാസുകളും ഉൾപ്പെടുത്തി ഗ്രൂപ്പായിതിരിക്കുന്നു. അവർക്ക് നിറത്തിന്റെ പേരുകളും നൽകുന്നു. Red, Green, Yellow, Blue കളറിലുള്ള കൊടികളും കൊടുക്കുന്നു. യഥാക്രമം മാസത്തിലെ ഓരോ ആഴ്ചയും ഓരോ ഗ്രൂപ്പ് സ്കൂളും പരിസരവും ടോയ്ലറ്റുകളും വൃത്തിയാക്കുന്നതിന് സഹകരിക്കുന്നു. മാസാവസാനം ചുമതലയുള്ള ടീച്ചർ മാർക്കിട്ട് സ്ഥാനങ്ങൾ നിർണയിക്കുന്നു.ഒന്നാം സ്ഥാനം കിട്ടിയ ഗ്രൂപ്പിന് ട്രോഫിനൽകുകയും അവരുടെകൊടിയും ട്രോഫിയും ഒരു മാസക്കാലം സ്കൂളിന് മുമ്പിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. എല്ലാ ബുധനാഴ്ച്ചകളിലും 1.30 ന് ഗ്രൂപ്പ് ലീഡർ അവരുടെ ഗ്രൂപ്പിൽ ഉള്ളവരുടെ നഖം, ഡ്രസ് എന്നിവ നീരീക്ഷിച്ച് ശുചിത്വമില്ലത്തവരെ കണ്ടുപിടിക്കുന്നു. വേണ്ട നിർദ്ദേശം നൽകുന്നു. കൂടാതെ അവർക്ക് നഖം വെട്ടിക്കൊടുക്കുന്നു. നഖം വെട്ടി വൃത്തിയാക്കുന്നു.<br><br>യോഗ | | | |

# കായികം

**നീന്തൽ പരിശീലനം**

നമ്മുടെ നാട് വിവിധ തരം ജല സ്രോതസ്സുകളാൽ സമ്പന്നമായിരുന്നു. പണ്ട് കാലത്ത് ജനങ്ങൾ അവധിക്കാലവും മറ്റ് ഒഴിവ് സമയങ്ങളിൽ കുട്ടികളും ഇത്തരം ജലാശയങ്ങൾ ഉപ യോഗപ്പെടുത്തിയിരുന്നു. നല്ല വ്യായാമവും ഇതുവഴി ലഭിച്ചിരുന്നു. എന്നാൽ ഇത്തരം സൗക ര്യങ്ങൾ ഇന്ന് ലഭ്യമല്ല.

**ലക്ഷ്യങ്ങൾ**

സ്കൂളിലെ മുഴുവൻ കുട്ടികളെയും പ്രത്യേകിച്ച് പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ നീന്തൽ പഠിപ്പിക്കുന്നു.

കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു.

കുട്ടികളിൽ ആത്മവിശ്വാസവും സ്വയം രക്ഷപെടാനുള്ള കഴിവും അപകടങ്ങളിൽ മറ്റു ള്ളവരെ രക്ഷിക്കുന്നതിനുള്ള മനോഭാവവും ഉണ്ടാക്കുന്നു.

നീന്തൽ മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു.

ഒന്നാം ക്ലാസിലെ ഓരോ കുട്ടികളെയും രക്ഷിതാവിന്റെ സാന്നിധ്യത്തിലും സഹകരണ ത്തിലും നീന്തൽ പഠിപ്പിക്കുന്നു.

**1. കായികമേള**

ലക്ഷ്യം : കായികക്ഷമത വർദ്ധിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ : കുട്ടികളെ ഓടിച്ചും ചാടിച്ചും നോക്കി മികച്ചവരെ കണ്ടെത്തുന്നു. അവർക്ക് ആ ഇനത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിന് ഒരു പി.ഇ.ടി യുടെ സേവനം ലഭ്യ മാക്കുന്നു.

ധനകാര്യം : PTA & Teachers

ചുമതല : സ്പോർട്സ് ചാർജ്ജുള്ള അധ്യാപിക

മോണിറ്ററിംഗ് : Head Master & PTA President

ഓരോ വിഷയവുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ (കുട്ടികൾ) നടക്കുമ്പോൾ അവിടെ കുട്ടിയുടെ കായിക ക്ഷമത വർദ്ധിക്കുന്നു.

# CWSN

പിന്നോക്കക്കാരായ കുട്ടികളുടെ പരിമിതികളും ശേഷികളും അവയുടെ കാരണങ്ങളും കണ്ടെത്താൻ കുട്ടിയുടെ വീട്ടിലേക്ക് സന്ദർശനം നടത്തുന്നു. പരിഹാര നടപടികൾ എന്തൊക്കെ ആസൂത്രണം ചെയ്യാം എന്ന് രക്ഷിതാവുമായി ചർച്ച നടത്തുന്നു. സ്കൂളിൽ അവർക്ക് ആവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. ഉല്ലാസ യാത്ര സംഘടിപ്പിക്കണം

അക്കക്കളരി : മികച്ച വിദ്യാർത്ഥികൾ പിന്നോക്കക്കാരായവർക്ക് ഗണിതവും

അക്ഷരക്കളരി : ഭാഷയും ഒഴിവുസമയങ്ങളിൽ പരിശീലനവും കൊടുക്കുന്നു.

# പ്രവർത്തി പരിചയം STD - III, IV

**പാചക പരിശീലനം**

പാചക പരിശീലനം : ചില കാലങ്ങളിൽ ലഭ്യമല്ലാത്തവ സൂക്ഷിക്കുന്നവിധം മനസ്സിലാക്കുന്നു. വിഷം കലരാത്ത ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത.

പ്രവർത്തനം : അച്ചാർ നിർമ്മാണം

കുട്ടികൾ അവരുടെ വീടുകളിൽ നിന്നും ചിലിമ്പിക്ക, ജാതിക്ക, നാരങ്ങ കൊണ്ടുവരുന്നു.
ആവശ്യമായ ചേരുവുകൾ വാങ്ങി കുട്ടികളുടെ പങ്കാളിത്തത്തോടെ പാചകം ചെയ്യുന്നു.

ധനകാര്യം വിശകലനം പി.ടി.എ ഫണ്ട്

**ഒറിഗാമി**

ലക്ഷ്യം : പേപ്പറുകൾകൊണ്ട് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.
പ്രവർത്തനം : കുട്ടികൾക്ക് കളർപേപ്പറുകൾ നൽകുന്നു.

ഓരോ വിഷയവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ നിർമ്മിക്കുമ്പോൾ അവിടെ പ്രവൃത്തി പരിചയ നിർമ്മാണങ്ങൾ നടക്കുന്നു.

ഉദാ: (കിളി, പൂമ്പാറ്റ, വിവിധ രൂപങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, കാർഡുകൾ, വീട്, മുഖംമൂടി നിർമ്മാണം)

**പൂന്തോട്ട നിർമ്മാണം**

സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്തുകൾ, വളം എന്നിവ കുട്ടികൾ കൊണ്ടുവരുന്നു. തരം തിരിച്ച് നടുന്നു. കുട്ടികൾ അവയെ പരിരക്ഷിക്കുന്നു. വെണ്ട, പയർ, വാഴ എന്നിവയുടെ കൃഷിയിലും കുട്ടികൾ സഹകരിക്കുന്നു.
പാഴ്വസ്തുക്കൾക്കൊണ്ട് വിവിധതരം വസ്തുക്കൾ ഉണ്ടാക്കുന്നു.

ഉദാ: കളർ പേപ്പർ
ക്രിസ്തുമസ് കാർഡ്, കുടശീല
ഐസ്ക്രീം സ്റ്റിക്, പ്ലാസ്റ്റിക് കുപ്പികൾ, ഡിസ്പോസിബിൾ ഗ്ലാസ് എന്നിവകൊണ്ട് വിവിധതരം വസ്തുക്കൾ ഉണ്ടാക്കുന്നു.
(പൂക്കൾ, പൂപാത്രം, പെൻ സ്റ്റാന്റ്, പൊടിതട്ടി, അലങ്കാര വസ്തുക്കൾ, പഠനോപകരണങ്ങൾ)

ജൈവ വൈവിധ്യ പാർക്ക്

സ്കൂൾ സൗന്ദര്യ വത്കരണം

# കല

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
| --- | --- | --- | --- | --- |
| ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും | സംഭാഷണം<br>മുഖംമൂടി<br>പാവനാടകം<br>സംഗീത പരിശീലനം<br>റോൾ പ്ലേ<br>നാടകം<br>നാടൻപാട്ട്<br>കലാമേള<br>സ്കൂൾ വാർഷികം<br>ഡാൻസ് പരിശീലനം<br>കരാട്ടെ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br><br>അധ്യാപകർ | |

# ദിനാചരണം

**ദിനങ്ങൾ**

പരിസ്ഥിതി ദിനം
വായനാദിനം
ലഹരിവിരുദ്ധ ദിനം
ബഷീർ ദിനം
ചാന്ദ്ര ദിനം
എ.പി.ജെ അബ്ദുൾ കലാം ദിനം
സ്വാതന്ത്ര്യ ദിനം
ഓണം
കായിക ദിനം
അധ്യാപക ദിനം
ഗാന്ധി ജയന്തി
തപാൽ ദിനം
ലോക ഭക്ഷ്യ ദിനം
കേരളപ്പിറവി
ദേശീയ പക്ഷി നിരീക്ഷണ ദിനം
ശിശു ദിനം
ലോക ഭിന്നശേഷിദിനം
അറബി ഭാഷാ ദിനം
ഗണിതശാസ്ത ദിനം
റിപ്പബ്ലിക് ദിനം
മാതൃഭാഷാ ദിനം
ദേശീയ ശാസ്ത്ര ദിനം

**ലക്ഷ്യം :** സർഗ്ഗാത്മകശേഷി വളർത്തുക
പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ് നേടുക

**പ്രവർത്തനം :** കുട്ടികളുടെ ഭാഷാപരമായ സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നതിന് വായനാദിനത്തോട് അനുബന്ധിച്ച് "വായനയുടെ പ്രാധാന്യം" എന്ന വിഷയം നൽകി എല്ലാ കുട്ടികൾക്കും പ്രസംഗിക്കാനുള്ള അവസരം നൽകുന്നു. അതിൽ നിന്ന് ഓരോ ക്ലാസിലേക്കും 50%ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. മുകളിൽ കൊടുത്തിരിക്കുന്ന ദിവസങ്ങളിൽ പ്രസംഗ മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.

**നിർവ്വഹണ ചുമതല :** ക്ലാസ് അധ്യപകർ

**ധനകാര്യം :** പ്രസംഗ ഉപന്യാസ പുസ്തകങ്ങൾ വാങ്ങുന്നതിന് 1000 രൂപ

**മോണിറ്ററിംഗ് :** അധ്യാപകർ

# കരുതൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
| --- | --- | --- |
| കുട്ടികളിൽ സഹജീവി സ്നേഹം | സമൂഹത്തിൽ വേദനിക്കുന്നവരെ സന്ദർശിക്കുകയും ആഘോഷവേളകൾ അവരോടൊപ്പം ചെലവഴിക്കുകയും ചെയ്യുന്നു.<br>കിടപ്പുരോഗികൾ<br>വൃദ്ധ മന്ദിരങ്ങൾ<br>കുട്ടികളുടെ കുടുംബങ്ങൾ | അധ്യാപകർ |

# ഉപസംഹാരം

അടുത്ത 3 വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽനിന്ന് ഓരോ വർഷത്തേക്കുള്ള പദ്ധതികൾ സൂക്ഷ്മതലത്തിൽ അസൂത്രണം ചെയ്യണം. എല്ലാ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയവ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണ്ടിവരും.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും വേണം. വിദ്യാലയത്തിലേക്ക് ഏത് സ്രോതസ്സിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാകണം.

അധികവും ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് 3 വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും മികച്ച നിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഈ യജ്ഞത്തിൽ ഞങ്ങളും പങ്കാളികളാകുന്നതിൽ സന്തോഷിക്കുന്നു,